(ബി) മണ്ണ് സംരക്ഷണം 2574

ചെറുകിട ജലസേചനം 1947

റോഡുകൾ 1648

കെട്ടിടങ്ങൾ 852

പാലങ്ങൾ - വിവരം ശേഖരിച്ചു വരുന്നു.

(സി)

	തൊഴിലാളികൾ	തൊഴിൽദിനങ്ങൾ
1997-98	3,25,351	47.28 ലക്ഷം.
1998-99	3,83,799	55.75 ലക്ഷം.
1999-2000	3,95,967	30.77 ലക്ഷം.

100 (680) പഞ്ചായത്ത് രാജ് ആക്ട്

ശ്രീ. കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ള അധികാരങ്ങളിൽ കൈമാറിയിട്ടില്ലാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ അധികാരങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിയമപരമായി കൈമാറിയിട്ടുണ്ട്.

101 (681) ജനകീയാസൂത്രണ പദ്ധതി

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനകീയാസൂത്രണ പദ്ധതി ഒന്നും രണ്ടും ഘട്ടം പൂർത്തീകരിച്ചപ്പോൾ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം വിവിധ ഗ്രാമങ്ങളിൽ ആകെ എത്ര കുടിവെള്ള പദ്ധതികൾ, വൈദ്യുത പദ്ധതികൾ, ഗ്രാമീണ റോഡുകൾ, ജലസേചന പദ്ധതികൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു എന്നു കാണിക്കുന്ന ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ഈ വിഭാഗത്തിൽ സംസ്ഥാനത്ത് ആകെ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ താഴെ കാണിക്കുന്നു.

(1) കുടിവെള്ളം - 50162 കിണറുകൾ 17479 പൊതുടാപ്പുകൾ2117 സ്വകാര്യ ടാപ്പുകൾ നിർമ്മിച്ചിട്ടുണ്ട്.

(2) വൈദ്യുതി - 43 ചെറുകിട വൈദ്യുതി പ്രോജക്ടുകൾ 32068 വീടുകൾ വയറിംഗ് ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(3)	ഗ്രാമീണ റോഡുകൾ	-	7947 കിലോ മീറ്റർ പുതിയ റോഡുകൾ നിർമ്മിച്ചു. 7463 കി.മീ. റോഡു നന്നാക്കിട്ടുണ്ട്.
(4)	ജലസേചന പദ്ധതികൾ	-	16543 കുളങ്ങൾ വൃത്തിയാക്കി 41267 പമ്പുസെറ്റുകൾ വിതരണം ചെയ്തു.
(5)	പാലങ്ങൾ	-	2203 കലുങ്കുകളും 829 പാലങ്ങളും നിർമ്മിച്ചു.
(6)	കെട്ടിടങ്ങൾ	-	22762 ച.അ. സ്ക്കൂൾ കെട്ടിടങ്ങൾ, 3586 അംഗൻവാടി കെട്ടിടങ്ങൾ, 10726 ച.അ. ആശുപത്രി കെട്ടിടങ്ങൾ 89201 ച.അ. ഓഫീസ് കെട്ടിടങ്ങൾ, എന്നിവ നിർമ്മിച്ചിട്ടുണ്ട്.

102 (682) ജനകീയാസൂത്രണ പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി മുഖേന സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മേഖലയിലും ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളുടെ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) വികസന പദ്ധതികളിൽ പാലങ്ങൾ, വൈദ്യുത പദ്ധതികൾ തുടങ്ങി എടുത്തുപറയാൻ കഴിയുന്ന സംഭാവനകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇത്തരം പദ്ധതികൾ നടപ്പാക്കുന്ന പഞ്ചായത്തുകൾക്ക് എന്തൊക്കെ സഹായങ്ങളും മുൻഗണനകളും നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ജനകീയാസൂത്രണ പദ്ധതികൾ മുഖേന സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ള ജില്ല ഏതെന്ന് വ്യക്തമാക്കുമോ;

(എഫ്) ജനകീയാസൂത്രണ പരിപാടികളിൽ ക്രമക്കേടുകൾ കാണിക്കുന്നവരെ ശിക്ഷിക്കുന്നതിനും മാതൃകാപരമായി പ്രവർത്തിക്കുന്നവരെ പ്രോൽസാഹിപ്പിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭവന നിർമ്മാണം, പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ സംരംഭങ്ങൾ, റോഡ് നിർമ്മാണം മുതലായവയാണ് നടപ്പാക്കുന്ന പ്രധാനപ്പെട്ട വികസന പരിപാടികൾ. ഉൽപാദന സേവന, പഞ്ചായത്തുതല മേഖലകളിൽ പ്രോജക്ടുകൾ തയ്യാറാക്കുന്ന രീതികളാണ് തുടർന്ന് വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly